# PRESS RELEASE

## ലൈഫ് മിഷന്റെ മൂന്നാംഘട്ട പ്രവർത്തനങ്ങളുടെ പുരോഗതി ജില്ലാതല കർമ്മ സമിതികൾ വിലയിരുത്തുന്നു.

തിരുവനന്തപുരം : സംസ്ഥാന സർക്കാരിന്റെ സമ്പൂർണ്ണ ഭവന പദ്ധതിയായ ലൈഫ് മിഷന്റെ മൂന്നാംഘട്ട പ്രവർത്തനങ്ങളുടെ പുരോഗതി ജില്ലാതല കർമ്മസമിതികളുടെ നേതൃത്വത്തിൽ വിലയിരുത്തുവാൻ തീരുമാനമായി. നവകേരളം കർമ്മപദ്ധതി കോ-ഓർഡിനേറ്റർ ശ്രീ. ചെറിയാൻ ഫിലിപ്പിന്റെയും സംസ്ഥാന സർക്കാരിന്റെ വികസന ഉപദേഷ്ടാവ് ശ്രീ. സി.എസ് രഞ്ജിത്തിന്റെയും നേതൃത്വത്തിലാണ് ജില്ലാതല യോഗങ്ങൾ സംഘടിപ്പിക്കുന്നത്. സെപ്റ്റംബർ 10 മുതൽ 30 വരെയാണ് ഓരോ ജില്ലകളിലും യോഗങ്ങൾ നടക്കുന്നത്. ഇവർക്കുപുറമെ ജില്ലാതല കർമ്മസേനാംഗങ്ങൾ, എം.പി, എം.എൽ.എ, മേയർ, മുനിസിപ്പൽ ചെയർമാൻ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്, ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് തുടങ്ങിയവരും യോഗങ്ങളിൽ പങ്കെടുത്ത് ലൈഫ് മൂന്നാംഘട്ടത്തിന്റെ പുരോഗതി വിലയിരുത്തും. ലൈഫ് മിഷന്റെ സംസ്ഥാനതല കർമ്മസേനയുടെ സെപ്റ്റംബർ 5-ന് നടന്ന യോഗത്തിലാണ് ഇതിനുള്ള തീരുമാനം കൈക്കൊണ്ടത്.

തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ശ്രീ. ടി.കെ ജോസ് ഐ.എ.എസിന്റെ നേതൃത്വത്തിൽ നടന്ന യോഗത്തിൽ ഭൂരഹിത ഭവനരഹിതരെ പുനരധിവസിപ്പിക്കുന്നതിനുള്ള ഭൂമി വാങ്ങുന്നതിനും ഭവന സമുച്ചയം/ക്ലസ്റ്റർ ഹോം നിർമ്മിക്കുന്നതിനാവശ്യമായ ഫണ്ട് കണ്ടെത്തുന്നതിന് ക്രൗഡ് ഫണ്ടിംഗ് മോഡലിൽ ഒരു വെബ് പോർട്ടൽ തയ്യാറാക്കുന്നതിനും തീരുമാനമായി. ലൈഫ് മിഷന്റെ മൂന്നാംഘട്ടം ഗുണഭോക്തൃ പരിശോധന സമയബന്ധിതമായ് പൂർത്തീകരിച്ച് പട്ടിക അന്തിമമാക്കുന്നതിനും സർവ്വേയിലൂടെ കണ്ടെത്തിയ ഗുണഭോക്തൃ പട്ടിക നഗരകാര്യ വകുപ്പ്, പഞ്ചായത്ത് വകുപ്പ്, ഗ്രാമവികസന വകുപ്പ്, എന്നിവർക്ക് നിയോജകമണ്ഡലം, ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നീ അടിസ്ഥാനത്തിൽ കുടുംബശ്രീ കൈമാറണമെന്നും ഭവനസമുച്ചയങ്ങൾ നിർമ്മിക്കുന്നതിന് അനുയോജ്യമായ ഭൂമി കണ്ടെത്തുന്നതിനോ വാങ്ങുന്നതിനോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നിർദ്ദേശം അതത് വകുപ്പ് തലവന്മാർ നൽകേണ്ടതാണെന്നും തീരുമാനിച്ചു. യോഗം രണ്ടാംഘട്ടത്തിൽ അർഹരായിട്ടും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി കരാറിലേർപ്പെടാത്ത ഗുണഭോക്താക്കളുടെ കാരണം

തദ്ദേശസവയംഭരണ സ്ഥാപനാടിസ്ഥാനത്തിൽ കണ്ടെത്തേണ്ടതാണെന്നും നിർദ്ദേശിച്ചു. ഒന്നാംഘട്ട പ്രവർത്തനങ്ങളുടെ പൂർത്തീകരണം സംബന്ധിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കൗൺസിൽ തീരുമാനം സമയബന്ധിതമായി നൽകേണ്ടതാണെന്നും യോഗം വിലയിരുത്തി. യോഗത്തിൽ നവകേരളം കർമ്മപദ്ധതി കോ–ഓർഡിനേറ്റർ ശ്രീ. ചെറിയാൻ ഫിലിപ്, ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ശ്രീ. യു.വി. ജോസ് ഐ.എ.എസ്, അർബൻ അഫയേഴ്സ് ഡയറക്ടർ ഗിരിജ ഐ.എ.എസ്, സി.ആർഡി. ഡയറക്ടർ ശ്രീ. പത്മകമാർ ഐ.എ.എസ്, പഞ്ചായത്ത് വകുപ്പ് ഡയറക്ടർ ശ്രീ. ബി.എസ്. തിരുമേനി ഐ.എ.എസ്, ഐ.കെ.എം എക്സിക്യൂട്ടീവ് ഡയറക്ടർ ശ്രീമതി. ചിത്ര ഐ.എ.എസ്, സർക്കാരിന്റെ വികസന ഉപദേഷ്ടാവ് ശ്രീ. സി.എസ്. രഞ്ജിത്ത്, മറ്റ് വകുപ്പുകളിലെ പ്രതിനിധികൾ തുടങ്ങിവർ പങ്കെടുത്തു.

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ
ലൈഫ് മിഷൻ